## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5290** **05-07-2024 - ൽ മറുപടിയ്ക്ക്**

## വാഴക്കർഷകർ നേരിടുന്ന പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്രതികൂലമായ കാലാവസ്ഥമൂലം കൃഷി നശിച്ചതിനാൽ സംസ്ഥാനത്തെ വാഴക്കർഷകർ നേരിടുന്ന കടുത്ത പ്രതിസന്ധി ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പ്രതികൂല കാലാവസ്ഥ മൂലം കൃഷി നാശം സംഭവിക്കുന്ന വാഴ കർഷകർക്ക് കൃഷി വകുപ്പിൽ നിന്നും ചുവടെ ചേർക്കുന്ന പദ്ധതികൾ മുഖേന നഷ്ടപരിഹാരം നൽകുന്നുണ്ട്.<br><br>പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം പ്രകൃതി ക്ഷോഭം മൂലമുള്ള കൃഷി നാശത്തിനു സംസ്ഥാന വിഹിതവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതവും ചേർത്ത് കുലച്ച വാഴ ഒന്നിന് 100 രൂപയും കുലയ്ക്കാത്ത വാഴ ഒന്നിന് 75 രൂപ നഷ്ടപരിഹാരമായി നൽകുന്നുണ്ട്.<br><br>സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വാഴക്ക് നാശനഷ്ടം ഉണ്ടായാൽ വാഴ ഒന്നിന് കുലച്ചത് 300 രൂപ, കുലക്കാത്തതു 150 രൂപ എന്ന നിരക്കിൽ നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്.<br><br>കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിയായ കാലവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഒരു ഹെക്ടറിന് 8750 രൂപ അടച്ച അംഗമായ കർഷകർക്ക് വിജ്ഞാപനം ചെയ്ത term ഷീറ്റുകൾ പ്രകാരം കാലാവസ്ഥ നിലയങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാലാവസ്ഥ വ്യതിയാനങ്ങൾക്ക് അനുസൃതമായി ഒരു ഹെക്ടറിന് 1,75,000 രൂപ വരെ ആനുകൂല്യം ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നുണ്ട്. |
| (ബി) | കൃഷി നശിക്കുകയും ഉല്പന്നങ്ങളുടെ വിലയിടിയുകയും കൃഷിക്കായുള്ള ചെലവ് കൂടുകയും ചെയ്തതിലൂടെ കടുത്ത പ്രതിസന്ധി നേരിടുന്ന പ്രസ്തുത കർഷകർക്ക് വിളനാശത്തിനുള്ള നഷ്ടപരിഹാരം അടിയന്തരമായി വിതരണം ചെയ്യുമോ; വ്യക്തമാക്കുമോ? | (ബി) | ഇൻഷ്വർ ചെയ്ത വിളകൾക്കുണ്ടാകുന്ന നാശനഷ്ടത്തിനു നഷ്ടപരിഹാരം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 33.14 കോടി രൂപയും പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പരിപാടിയിൽ 7.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അതിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരം 6.62 കോടി രൂപ വിതരണം ചെയ്യുകയും 21.88 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പരിപാടിയിൽ 1.48 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ